മുഖത്തലയിലുമുള്ള കാഷ്യൂ ഫാക്ടറികൾ, വയനാട്ടിലുള്ള പഥൂർ പ്ളാന്റേഷൻസ് എന്നിവ തുറന്നു പ്രവർത്തിക്കുവാൻ ധാരണയായിട്ടുണ്ട്.

(സി) ഒരു വർഷത്തിലധികമായി പൂട്ടിക്കിടക്കുന്ന സ്വകാര്യ/പൊതുമേഖല സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് എല്ലാ വർഷവും ഓണക്കാലത്ത് 1000 രൂപാ വീതം എക്സ്ഗ്രേഷ്യാ ധനസഹായം നൽകിയിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന കയർ സ്ഥാപനങ്ങൾ/ സൊസൈറ്റികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് 200 രൂപാ വീതവും പൂട്ടിക്കിടക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് സൗജന്യ റേഷനും, തോട്ടം മേഖലയിലെ തൊഴിലാളികളുടെ പത്താം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണവും, സൗജന്യ റേഷൻ ലഭിക്കുന്ന തോട്ടം തൊഴിലാളികൾക്ക് ഓണക്കാലത്ത് 500 രൂപാ വീതം ആശ്വാസ ധനമായും വിതരണം നടത്തിവരുന്നു. കൂടാതെ, ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായി പ്ളാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനത്തിനുവേണ്ടി 5 കോടി രൂപാ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി മുഖേന ഇടുക്കി ജില്ലയിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ഓരോ കുട്ടിക്കും 2 സെറ്റ് യൂണിഫോം, ടെക്സ്റ്റ് ബുക്കുകൾ, നോട്ട് ബുക്കുകൾ, സ്കൂൾ ബാഗ്, കുട എന്നിവ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. തോട്ടങ്ങളിലെ തൊഴിലാളികളുടെ ആരോഗ്യ രക്ഷാപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി വരുന്നു. ആധുനിക ചികിത്സാ സൗകര്യങ്ങളോടുകൂടിയ മൊബൈൽ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നു. അതു കൂടാതെ ലേബർ വെൽഫയർ ഫണ്ടിൽ വരിക്കാരായ തോട്ടം തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം, കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം എന്നിവ പ്രസ്തുത ഫണ്ടിൽനിന്നും നൽകിവരുന്നുണ്ട്.

തോട്ടം തൊഴിലാളികളുടെ മക്കൾക്ക് പഠന സഹായം

70 [3496] *ശ്രീ. കെ. കെ. ജയചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ കുട്ടികൾക്ക് പ്ളാന്റേഷൻ റിലീഫ് ഫണ്ടിൽനിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആകെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇത് എന്തെല്ലാം ആവശ്യങ്ങൾക്കാണ് അനുവദിച്ചിട്ടുള്ളത്; അനുവദിച്ച തുക പൂർണ്ണമായും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത ധനസഹായം പ്രഖ്യാപിച്ചതെന്നാണ്; ഇതനുസരിച്ച് പ്ളാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര അപേക്ഷകളിൻമേൽ തീർപ്പുകൽപ്പിച്ചു;

(ഡി) അനുവദിച്ച തുക പൂർണ്ണമായും പൂട്ടിക്കിടക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളികളുടെ കുട്ടികളുടെ പഠന സഹായത്തിനായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ ഇടുക്കി ജില്ലയിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് യൂണിഫോം, ബാഗ്, പുസ്തകം, നോട്ട് ബുക്കുകൾ എന്നിവ സൗജന്യമായി ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിക്കപ്പെട്ട പ്ളാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയിൽനിന്നും തുക വിനിയോഗിച്ച് നൽകി വരുന്നു.

(ബി) തുക അനുവദിച്ചിട്ടില്ല. എന്നാൽ പ്ളാന്റേഷൻ റിലീഫ് ഫണ്ട് ഉപയോഗിച്ച് 10998 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകിയിട്ടുണ്ട്. 426 പേർക്ക്കൂടി ഇത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 9-5-2003-ൽ ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായും പ്ളാന്റേഷൻ ചീഫ് ഇൻസ്പെക്ടർ കൺവീനറായും സർക്കാർ രൂപീകരിച്ച പ്ളാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്ക് 21-4-2004-ൽ സീഡ് ക്യാപ്പിറ്റൽ എന്ന നിലയിൽ അനുവദിച്ചിട്ടുള്ള 5 കോടി രൂപയിൽ നിന്നും തോട്ടം തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി 89,80,265 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേക അപേക്ഷകൾ ആവശ്യപ്പെട്ടിരുന്നില്ല. വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ച് നൽകിയ ലിസ്റ്റ് പ്രകാരമാണ് 10998 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തത്.

(ഡി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ കോളേജ് വിദ്യാഭ്യാസത്തിന് ഫീസ് നൽകുന്നതിനായിട്ടുള്ള ഒരു പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ നിയമനങ്ങളിലെ ക്രമക്കേട്

71 [3500] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാറുണ്ടോ;

(ബി) നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ് മറികടന്ന് ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സീനിയോറിറ്റി ലിസ്റ്റ് മറികടന്ന് നിയമനം നടത്തിയത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ഡി) പരാതികൾ സംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ടോ; ഏത് തരത്തിലുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളത്; അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly